"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിലെ ശ്രീമതി രേഖ, വെളുത്താണ്ടി വീട് -ന് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണാനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2969/2025/LSGD തീയതി,തിരുവനന്തപുരം, 17-12-2025

---

പരാമർശം:-
1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18/09/2025 ലെ 4446/സി.സി/2019/ലൈഫ് നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡി നേഷൻ കമ്മിറ്റിയുടെ 22/10/2025 ൽ നടന്ന യോഗത്തിന്റെ ഖണ്ഡിക (4.28) തീരുമാനം

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്ത് തലവണിക്കര, വെളുത്താണ്ടി വീട്ടിൽ ശ്രീമതി. രേഖ, ലൈഫ് 2020 പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. റേഷൻ കാർഡിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് വാസയോഗ്യമായ വീടുണ്ട് എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടുകയുണ്ടായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട ശ്രീമതി രേഖയും, മകനും, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട മകളും, മകളുടെ 4 വയസ്സുള്ള കുട്ടിയുൾപ്പെടുന്ന ഈ കുടുംബത്തിന് വാസയോഗ്യമായ വീടില്ല. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഈ കുടുംബത്തിന്റെ നിലവിലെ സ്ഥിതി പരിഗണിച്ച് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകാവുന്നതാണെന്ന് പരാമർശം 1 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തു.

2.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതലകോഓർഡിനേഷൻ കമ്മിറ്റിയുടെ 22/10/2025 ലെ യോഗം ഈ വിഷയം പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്ത് തലവണിക്കര, വെളുത്താണ്ടി വീട്ടിൽ ശ്രീമതി. രേഖയ്ക്ക് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി

ഭവന നിർമ്മാണാനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, Statue, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, നെന്മണി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

ശ്രീമതി രേഖ (നെന്മണി ഗ്രാമപഞ്ചാത്ത് സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 17-12-2025 16:45:47
സെക്ഷൻ ഓഫീസർ